
little
KITEs
DIGITAL MAGAZINE 2019
അകമെരിയുന്ന
വറള്

**ഗവ. ഹയർസെക്കന്ററി സ്ക്കൂൾ പൂനൂർ**

**മങ്ങാട് പി ഒ, ഉണ്ണികുളം - 673574**

**PH: 0496 2646215**

**അസതോ മാ സദ് ഗമയ,**

**തമസോ മാ ജ്യോതിർഗമയ,**

**മൃത്യോർ മാ അമൃതം ഗമയ .......**

(ബൃഹദാരണ്യകോപനിഷത്ത്)



## Chief editor

*Daisy Cyriac*

## Staff editor

*Reeshna C K*

## Student editor

*Arshak Ali*

## Typesetting

*Little Kites, GHSS Poonoor*

## Editorial board

*Muhammed sinan P C*
*Akash s Nair*
*Ghanashyam*
*Muhammed sinan N P*
*Muhammed jaseel T P*
*Sahaludheen T*
*Naji ahammed K M*
*Alinshan A R*
*Anamika C K*
*Ashnitha K*
*Shabeena A K*
*Ansi V P*
*Fathima sherin V*
*Adil ameen P J*
*Ajayan T P*

# ലെനിൻ രാജേന്ദ്രൻ

## 1952 - 2019



ഇരുളിൻ മഹാനിദ്രയിൽ നിന്നുണ
നിറമുള്ള ജീവിതപ്പീലി തന്നു .........

## പിന്നണിയിൽ ..........




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി ക്ലബ്ബ്
നമ്പർ : LK/2018/47029
ഗവ. ഹയർ സെക്കന്ററി സ്കൂൾ, പൂനൂർ
മങ്ങാട് പി.ഒ , കോഴിക്കോട്
0496 2646215

# OUR PRINCIPAL



Sri. RENNY GEORGE

# OUR HEADMISTRESS



Smt. DAISY CYRIAC



# മുഖമൊഴി

ഇത് ഒരു പരിശ്രമമാണ്, എത്രമാത്രം വിജയം കാണുമെന്ന് എനിക്കും എന്റെ കൂട്ടുകാർക്കും അറിയില്ല. എങ്കിലും ഞങ്ങൾ നേടിയ കൊച്ചു അറിവുകളെ ഞങ്ങളുടെ പ്രിയ അധ്യാപകരുടെ പിൻതുണയോടെ പ്രാവർത്തികമാക്കുകയാണ്. പരിമിതികൾ ഉണ്ടെന്ന് തികഞ്ഞ ബോധ്യമുണ്ട്. എങ്കിലും ഞങ്ങൾ വലിയ ഉത്സാഹത്തിലാണ്. ഇത്തരമൊരു സംരംഭം നമ്മുടെ വിദ്യാലയത്തിൽ ആദ്യമത്രേ.....

ഇതിന് ലിറ്റിൽ കൈറ്റ് ഐ ടി ക്ലബ്ബിലെ എന്റെ കൂട്ടുകാരുടെ വലിയ പരിശ്രമമുണ്ട്. ഇതിന്റെ പൂർത്തീകരണത്തിന് അനവധി സാങ്കേതിക പ്രശ്നങ്ങൾ പലപ്പോഴും തടസ്സമായിരുന്നു. എങ്കിലും അതെല്ലാം പുതിയ അറിവുകൾ നേടാനുള്ള അവസരമായിരുന്നു ഞങ്ങൾക്ക്....

ഇനി തീരുമാനിക്കേണ്ടത് നിങ്ങളാണ്. ഇത്, "അകമെരിയുന്ന വാക്ക് " നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്.

വിമർശനങ്ങൾ ഉണ്ടാവാം.... അഭിനന്ദനങ്ങളുമുണ്ടാവാം.... രണ്ടും തുറന്ന മനസ്സോടെ ഞങ്ങൾ സ്വീകരിക്കും. അവ തീർച്ചയായും ഞങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരും.

സ്നേഹപൂർവ്വം,
**അർഷക് അലി**
സ്റ്റുഡന്റ് എഡിറ്റർ

# സന്ദേശം

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. അധ്യാപകർക്കു മുമ്പിൽ വിദ്യാർത്ഥികൾ അറിവിനായി കാതോർത്തിരിക്കുന്ന കാലം മാറി.ഇന്ന് വിജ്ഞാനം വിരൽത്തുമ്പിലെത്തി.ക്ലാസുകൾ നേർക്കാഴ്ചയുടെ ഇടമായി മാറി.

ഈ മാറ്റത്തെ ഉൾക്കൊണ്ട് നമ്മുടെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സമർഥരായ വിദ്യാർത്ഥികൾക്കും അവർക്ക് പിന്തുണയേകുന്ന അധ്യാപകർക്കും ആശംസകൾ നേരുന്നു........

ഇത്തരം പ്രവർത്തനങ്ങളിലൂടെ അറിവിന്റെ അനന്തവിഹായസ്സിലേക്ക് ഉയരാൻ കുട്ടികൾക്ക് കഴിയട്ടെ...........

സസ്നേഹം,

റെന്നി ജോർജ്

പ്രിൻസിപ്പാൾ

# സന്ദേശം

നമ്മുടെ വിദ്യാലയത്തിൽനിന്ന് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു,എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. പുതിയ സാങ്കേതിക വിദ്യകളെ കുട്ടികൾ നേരമ്പോക്കിനും വിനോദത്തിനും വേണ്ടി മാത്രം ഉപയോഗപ്പെടുത്തുമ്പോൾ ലിറ്റിൽ കൈറ്റിന്റെ മിടുക്കരായ വിദ്യാർത്ഥികൾ **'അകമെരിയുന്ന വാക്ക് '** എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുകയാണ്.കഴിഞ്ഞ കുറെ ദിവസങ്ങളായി അവരുടെ പരിശ്രമം അതിനായി നീക്കിവച്ചിരിക്കുകയാണ്.സന്തോഷം..........

ഈ സദ്ദ്യമത്തിന് എല്ലാ ഭാവുകങ്ങളും അർപ്പിക്കുന്നതോടൊപ്പം ഇനിയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ ലിറ്റിൽ കൈറ്റ് ഐ.ടി ക്ലബ്ബിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു..........

**സ്നേഹപൂർവ്വം,**

**ഡെയ്സി സിറിയക്**

**ഹെഡ്മിസ്ട്രസ്സ്**

# സന്ദേശം

നമ്മുടെ ക്ലാസ്മുറികൾ മാറിക്കൊണ്ടിരിക്കുകയാണ്. വാക്കും ചോക്കും മാത്രം ഉപയോഗപ്പെടുത്തിയുള്ള പഴയ കാല ക്ലാസ്മുറികളിൽ നിന്നും പൂർണ്ണമായും ഹൈടെക് സങ്കേതങ്ങളുടെ സഹായത്തോടെ പഠവിനിമയം സാധ്യമാവുന്ന ഹൈടെക് ക്ലാസ്മുറികൾ ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു. ഇവിടെ അറിവ് കൈമാറ്റം ചെയ്യപ്പെടുന്നത് ശ്രാവ്യരൂപത്തിൽ മാത്രമല്ല.കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും പ്രയോഗിച്ചും കുട്ടികൾ ആറിവ് നിർമ്മിക്കുകയാണ്.ഒപ്പം അധ്യാപകരും മാറിക്കൊണ്ടിരിക്കുന്നു. മൾട്ടി മീഡിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ അറിവ് പകർന്ന് നൽകാൻ അവരും സന്നദ്ധരായിക്കഴിഞ്ഞു. നേടിയ അറിവ് പ്രയോഗത്തിലൂടെ ഉറപ്പിക്കാൻ അവസരങ്ങളും സാധ്യതകളും ഇന്ന് ഏറെയാണ്. അതിന്റെ യാഥാർത്ഥീകരണമാണ് പൂനൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ ചേർന്നൊരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ അഭിമാനവും ഒപ്പം അത്ഭുതവും തോന്നുന്നു.പൂനൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ ഡിജിറ്റൽ മാഗസിനും സ്കൂൾ ലിറ്റിൽ കൈറ്റ് ക്ലബ്ബിനും നേതൃത്വം നൽകിയ അധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.........

പ്രമോദ് കുമാർ
മാസ്റ്റർ ട്രെയ്നർ
KITE

# അകമെരിയുന്ന വാക്കിൽ........

Polluted Nature.................................................15
റോബോട്ടിക്സിന്റെ പുതു ലോകം.............................16
Acrostic poem...................................................19
Drops of Rain....................................................21
വിജയത്തിന്റെ തുടക്കം......................................22
Candle.............................................................23
सूचना प्रौद्योगिकी संबंधी हिन्दी पारिभाषिक शब्दावली.24
ലിയാനാഡോ ഡാവിഞ്ചി......................................29
Mom's magic.....................................................31
Mother..............................................................31
വയസ്സറിയാം.......................................................32
യാത്രക്കൊടുവിൽ................................................33
Mother..............................................................35
അണഞ്ഞുപോയ ദീപം..........................................36
Tongue Twister..................................................38
Our Future in our own hands.............................39
School Life.......................................................40
Fisherman and his gift.....................................41
മാനിഷാദ............................................................42

Friendship.........................................................44
Rain...................................................................45
Story of English................................................46
അമ്മപ്പൂച്ച.......................................................................47
ഓർമ്മകളുടെ നേർവാക്ക്......................................48
I had a little dog...............................................50
സത്യം..........................................................................51
നേർച്ച.........................................................................52
യാത്ര..........................................................................54
Quiz..................................................................56

(Topic - man and nature )

# Polluted Nature

**Shahanas K T**

Nature is the most beautiful thing in the whole world it is filled with Mirage and decorated with green trees and flower. But now a days man will pollute our nature peoples didn't know nature is the mother of world. The crud peoples will kill the greenery of nature. Nature is very helpful to us and very important to us. Nature everything to us like water food shade and more than this nature is giving oxygen to us but the man do not know nature give everything to us. The nature is polluted by the human being man utilizing everything of nature and exploited nature to their own things. Man destroyed fields and constructed buildings. And big soil mountain and small pounds and elevating and man doing their own needs. Man will rap the nature man throwing plastic waste and other things to river. Rivers and pounds and other water resources become blank and man did not mind it. We will pollute the nature we get result of that by Land sliding,Tsunami,Flood and other natural calamities nature is angry to us man is destroying our nature for money. Mining and and other things are very dangerous and it will get back to the human beings. Man will not know what is the result of this thing they do. Nature is our mother and we have the right to protect it. Man cut trees to build homes and their needs but trees are the daughter of nature. It give oxygen to us. The nature is wanted to be protected

I would like to conclude my words by telling this we want to protect our nature. We want to put all the hands together to protect our nature.

# റോബോട്ടിക്സിന്റെ പുതുലോകം

മനുഷ്യന്റെ പ്രവൃത്തികൾ ഒരുപക്ഷെ മനുഷ്യനെക്കാൾ നന്നായി കൈകാര്യം ചെയ്യു ചിത്തി എന്ന യന്ത്രമനുഷ്യനെ കണ്ട ശരാശരി പ്രേക്ഷകർക്ക് യന്തിരൻ എന്ന ചിത്രം നൽകിയത് അത്ഭുതങ്ങളുടെ കുറച്ച് മണിക്കൂറുകളാണ്. യന്ത്രമനുഷ്യൻ ലോകം കയ്യടക്കിയേമെന്നുള്ള ഭാവി പ്രവചനം സംവിധായകൻ തന്റെ ചിത്രത്തിലൂടെ വിവരിച്ചതിന് പിന്നാലെ ഒട്ടും താമസിക്കാതെതന്നെ സ്വയം ചിന്തിക്കാൻ കഴിയുന്ന സോഫിയ എന്ന റോബോട് പൗരത്വത്തിനെ ലോകത്തിന് ലഭിച്ചു.

അടുക്കളമുതൽ അങ്ങാടിവരെ എന്നുള്ള പ്രയോഗം റോബോട്ടുകളെ സംബന്ധിച്ച് അധികമാവില്ല എന്ന് സാരം. വീട്ടമ്മയെപ്പോലെ വീട്ടിലെ എല്ലാ ജോലികളും നോക്കിയും കണ്ടും ചെയ്യുന്ന റോബോട്ടുകൾ വരെ വിപണിയിൽ സുലഭമാണ്. മനുഷ്യന് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ കൂടി നിഷ്പ്രയാസം ചെയ്യാൻ കഴിയുന്ന റോബോട്ടുകളുടെ ഉപയോഗ മണ്ഡലങ്ങൾ വിശാലമാണ്. ആരോഗ്യമേഖയ്ക്ക് പുറമെ ദുരന്ത മേഖലകളിലും റോബോട്ടുകളെ ഉപയോഗിക്കാനാകുമെന്ന് കണ്ടെത്തിക്കൊണ്ടിരിക്കുകയാണ് ശാസ്ത്ര ലോകം.

സാങ്കേതികതയെ അതിന്റെ ശരിയായ അർത്ഥത്തിൽ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ മാത്രമാണ് കണ്ടുപിടിത്തങ്ങൾക്ക് അതിന്റെ മൂല്യം കൈവരുന്നത്.

വ്യാവസായിക കാർഷിക മേഖലകളിൽ സാങ്കേതികത സന്നിവേശിപ്പിച്ചുള്ള, മനുഷ്യന്റെ ജോലിഭാരം കുറയ്ക്കുന്ന രീതിതന്നെയാണ് അതിനുദാഹരണം. ഒരു മെഷിൻ എന്ന രീതിയിൽ മനുഷ്യൻ വികസിപ്പിച്ചെടുത്ത ഉപകരണങ്ങളിൽ നിന്ന് ഒരുപാട് അകലെയാണ്




*Illustration : സോഫിയ*

റോബോട്ട് എന്ന യന്ത്രമനുഷ്യന്റെ കണ്ടുപിടിത്തം. അതിൽത്തന്നെ ഇപ്പോൾ നടക്കുന്നത് ഒരു മത്സരമാണ്. ഏറ്റവുമധികം മനുഷ്യന്റെ പ്രത്യേകതകളോട് അടുത്തിരിക്കുന്ന റോബോട്ടുകളെ നിർമ്മിക്കുന്നതിനുള്ള സാങ്കേതികത വികസിപ്പിക്കുന്നതിനുള്ള മത്സരങ്ങൾ.

ഓറിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ, റോബോട്ടിക്സ് വിഭാഗത്തിൽ വിദ്യാഭ്യാസ ഉപയോഗത്തിനായി വിദ്യാർത്ഥികൾ നിർമ്മിച്ച റോബോട്ടുകളാണ് കാസി. സാങ്കേതികവികസന മേഖലയിൽ പ്രവർത്തിക്കുമ്പോൾ പലപ്പോഴും കൗതുകങ്ങൾക്ക് വേണ്ടി റോബോട്ടുകൾ നിർമ്മാക്കറുണ്ട്. അതിൽനിന്ന് വ്യത്യസ്തമായി ആരോഗ്യമേഖലയിലുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് റോബോട്ടുകളെ പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യത്തിലാണ് സാങ്കേതികമേഖലയിൽ പ്രവർത്തിക്കുന്ന ഏതൊരാളുടെയും ലക്ഷ്യം.

കൈകാലുകൾ നഷ്ടപ്പെട്ടവർക്കായി റോബോട്ടിക് കാലുകൾ നിർമ്മിച്ച അതേ സാങ്കേതികത്വം തന്നെയാണ് ഏതൊരു റോബോട്ട് നിർമ്മാണത്തിന്റെയും അടിസ്ഥാന തത്വം. ഈ സാങ്കേതികവിദ്യയെ ഉൾക്കൊള്ളാൻ കഴിയുന്ന ഏതൊരാൾക്കും ഈ മേഖലയിലേയ്ക്ക് കടന്നുവരവ് എളുപ്പമാക്കുന്ന നിരവധി സംഘടനകളും ഇന്ന് രംഗത്തുണ്ട്. ഇവയെ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതുവഴി ലോകത്തിൽ കഷ്ടത അനുഭവിക്കുന്ന നിരവധി ആളുകളെ സഹായിക്കുന്നതിന് നമുക്ക് കഴിയും.

## റോബോട്ടിക്സ്

റോബോട്ടുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് റോബോട്ടിക്സ്. എൻജിനീയറിങ്ങിലെ വിവിധ ശാഖകളെ ഏകീകരിപ്പിച്ചുകൊണ്ടാണ് റോബോട്ടിക്സ് പ്രവർത്തിക്കുന്നത്. മെക്കാനിക്കൽ എൻജിനീയറിങ്, ഇലക്ട്രിക്കൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ്സ്തുടങ്ങിയ ശാഖകളിൽനിന്നെല്ലാം വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വികസിപ്പിച്ച ശാസ്ത്രശാഖയാണിത്.

റോബോട്ട് എന്ന വാക്കിൽനിന്നാണ് റോബോട്ടിക്സ് ഉണ്ടായത്. 'അധ്വാനം' എന്നാണതിന്റെ അർഥം. 1954 ൽ ജോർജ് ഡവൽ ആണ്ആദ്യത്തെ റോബോട്ടിനെ നിർമിക്കുന്നത്. 'യൂനിമേറ്റ്' എന്നായിരുന്നു ആദ്യത്തെ റോബോട്ടിന്റെ പേര്. 'റോബോട്ട്സ് കമ്പ്യൂട്ടർ' എന്ന്വിളിക്കുന്ന ഒരു സെൻട്രൽ കമ്പ്യൂട്ടറാണ് റോബോട്ടിന്റെ

എല്ലാ സർക്യൂട്ടുകളും നിയന്ത്രിക്കുന്നത്. അതേസമയം റോബോട്ടിക്സും കൃത്രിമ ബുദ്ധിയും രണ്ടും രണ്ടാണ്. കൃത്രിമ ബുദ്ധി സന്നിവേശിപ്പിച്ച് റോബോട്ടിക്സ് എന്ന ശാസ്ത്ര ശാഖയുടെ സഹായത്തോടെയാണ് യന്ത്രമനുഷ്യരെ സൃഷ്ടിക്കാനാവുക.
ശാസ്ത്ര ശാഖയക്കുമപ്പുറം റോബോട്ടിക്സിന്റെ ഭാവി വളരെ വലുതാണ്. ഈ സാങ്കേതികവിദ്യയെ വശത്താക്കുന്നതിനുള്ള ആഗ്രഹങ്ങളുണ്ടെങ്കിലും എങ്ങനെ ഇതിലേയ്ക്ക് എത്തിപ്പെടാമെന്നതിനെക്കുറിച്ച് അറിയാൻ കഴിയാത്തതാണ് പലരെയും റോബോട്ടിക്സ് ശാസ്ത്രശാഖയിൽനിന്ന് അകറ്റി നിർത്തുന്നതിന് കാരണം

അന്യരാജ്യത്തെ ഡോക്ടറുമായി സംവദിക്കുന്നതിനോ ആശയവിനിമയം നടത്തുന്നതിനോ റോബോട്ട് ശസ്ത്രക്രിയാ വിദഗ്ദന് കഴിയുമെന്നുള്ളതുകൊണ്ടുതന്നെ ആരോഗ്യമേഖലയിൽ റോബോട്ടുകളെ പ്രയോജനപ്പെടുത്തുന്നതിലും ഗുണങ്ങൾ ഏറെയാണ്. മനുഷ്യരെക്കാൾ പ്രതിരോധ മേഖലയിലും പ്രവർത്തിക്കുന്നതിന് റോബോട്ടുകളായിരിക്കും ഗുണം ചെയ്യുക. ശത്രുരാജ്യത്തിന്റെ ആക്രമണങ്ങളിൽനിന്ന് മനുഷ്യജീവൻ രക്ഷിക്കുന്നതോടൊപ്പം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും റോബോട്ടുകൾ ഉപകാരപ്പെടും.
മാഞ്ചസ്റ്ററിലുള്ള ഫസ്റ്റ് എന്ന സ്ഥാപനവും ഇത്തരത്തിൽ റോബോട്ട് പഠനശാഖയിൽ വ്യത്യസ്തത പുലർത്തുന്ന ഒന്നാണ്. പങ്കാളികളാകുകയും ആരോഗ്യപരമായ മത്സരങ്ങൾ നടത്തുകവഴിയും റോബോട്ടുകളെക്കുറിച്ച് കൂടുതലറിയാനും ഒരു നിർമ്മാതാവാകുന്നതിനും ഈ സ്ഥാപനം സഹായിക്കുന്നു. ഏറ്റവും ചെറിയ കുട്ടികൾക്ക് മുതൽ പങ്കാളികളാകാനും ഗവേഷണങ്ങളും പരീക്ഷണങ്ങളും നൽകാനുമെല്ലാം ഈ വെബ്സൈറ്റ് വഴി സൗകര്യം ലഭിക്കുന്നു. പ്രായഭേദമന്യേ എല്ലാവർക്കും റോബോട്ടിക്സിലേയ്ക്ക് കടന്നുചെല്ലാമെന്നതാണ് ഫസ്റ്റിന്റെ മുഖ്യ ആകർഷണീയത. സാങ്കേതികതയെ അതിന്റെ നല്ല രീതിയിൽ ഉപയോഗപ്പെടുത്തി നല്ലൊരു നാളെ സൃഷ്ടിക്കാൻ നമുക്ക് കഴിയട്ടെ. കൃത്രിമതകളില്ലാത്ത സഹായ ഹസ്തങ്ങളായി നമുക്ക് മുന്നേറാം. ഫസ്റ്റിനോടൊപ്പം.

അഭിരാം ടി പി

8 E

# Acrostic Poem

## MOTHER



*Makes me feel better*

*Only thinks of others*

*Takes me to get care*

*Helps me with my homework*

*Every day is there for me*

*ready to give a hug.*

## FRIENDS

*Fun times*

*Returning hopefully again*

*Important to one another*

*Enjoying each other*

*New friends forever*

*Doing fun things together*

*Stay in touch!*



## DREAMS

*Dreams can come true*

*Reality can be a dream realized*

*Each day your dreams could come true*

*All you have to do is have a dream*

*May be today is the day your dream will come true*

*Striving to make it more than a fantasy.*



*Sreya Sadanandan*

*8-A*

# നുറുങ്ങുകൾ

## കിട്ടിയത് 10

ആദ്യം നിങ്ങൾ ഒന്നിനും  ഒൻപതിനും ഇടക്കുള്ള ഏതെങ്കിലും ഒരു അക്കം  ഓർമ്മയിൽ വെക്കുക. എന്നിട്ട് അതിലേക്ക് നാൽപ്പത്തിഒൻപത് കൂട്ടുക. കിട്ടിയ ഉത്തരതിന്റെ രണ്ടാമത്തെ അക്ഷരം ഒഴിവാക്കുക. അതിന് ശേഷം ആദ്യ അക്ഷരത്തെ പത്ത്  കൊണ്ട് ഗുണിക്കുക. അതിലേക്ക് അറുപത് കൂട്ടുക. എന്നിട്ട് അതിൽ നിന്ന് പത്ത് കുറച്ചിട്ട്, പത്ത് കൊണ്ട്ത്തന്നെ ഹരിക്കുക. നിങ്ങൾ നോക്കു **കിട്ടിയ ഉത്തരം പത്ത് തന്നെയായിരിക്കും**

# Drops of rain

**SNEHA BABU**

**X A**

Every drop from heaven
touch down as bubbles of love
Every drop spread peace
everywhere as life of happy

Every drop flow prosperity
in mind as smell of flower
Every drop flatten light
as twinkling stars in night

Every drop blossom ecstasy
in village as pearls of mercy
Every drop blow sweat jingle
as the eyes of amazement

Every drop pours down
as tears of despair persons
Every drop convey messages
of hope as inspiration

Every drop rang the bell of rise
from palace as shaking leaves
Every drop show symbol of consensus
from the mansion as thread of calm

# വിജയത്തിന്റെ തുടക്കം

സിറാജുദ്ദീൻ പന്നിക്കോട്ടൂർ

നമ്മുടെ സ്കൂളിൽ പത്താംതരം എ ക്ലാസ്സിലെ മുഹമ്മദ് റാസി എന്ന മിടുക്കൻ അവന്റെ സ്വപ്രയത്നത്താൽ കഴിഞ്ഞ ദിവസം നോബൽ പുരസ്കാര ജേതാവായ രസതന്ത്രജ്ഞൻ പ്രൊഫസർ റോബർട്ട് എച്ച് ഗ്രബ്, നോബേൽ കെമിസ്ട്രി എമ്മിറ്റി അംഗം പ്രഫസർ എർലിൻ ബാക്ക് വാൾ എന്നിവരെ നേരിൽ കാണുകയും അവരോടൊപ്പം അൽപ സമയം ചെലവഴിക്കുകയും സംവദിക്കുകയും ചെയ്യുന്നതിന് അവസരം നേടിയെടുത്തത് എന്നെ തെല്ലൊന്നമല്ല അദ്ഭുതപ്പെടുത്തിയത്. ഒരു വിദ്യാർഥിയെ സംബന്ധിച്ചിടത്തോളം ഒരു നോബൽ പുരസ്കാര ജേതാവിനെ കാണുക എന്നത് തന്നെ വലിയ ഒരു അനുഭവം എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ആ കുട്ടിയെ മുക്തകണ്ഠം പ്രശംസിക്കാനും ഈ അവസരം പ്രയോജനപ്പെടുത്തുന്നു.

മലയാള മനോരമ എംപവറും തേവര എസ്.എച്ച് കോളജ് രസതന്ത്ര വിഭാഗവും സംയുക്തമായി നടത്തിയ ഓപൺ ഫോറം പരിപാടിയുടെ പരസ്യത്തിനായുള്ള പത്രവാർത്തയിൽ നിന്നാണ് റാസി അവിടേക്ക് വഴി കണ്ടെത്തിയത്. അതിൽ നൽകിയിരുന്ന e-mail വിലാസം, ഇതേ വാർത്ത വായിച്ച ആയിരക്കണക്കിന് കുട്ടികളെപോലെ റാസിയും അവഗണിച്ചിരുന്നെങ്കിൽ അതിൽ പങ്കെടുത്ത പതിനാലിൽ ഒരാളാകാൻ അവന് അവസരം കിട്ടില്ലായിരുന്നു. തന്റേതായ ആഗ്രഹവും ഇച്ഛാ ശക്തിയും പരിശ്രമവുമാണ് ഇഷ്ടപ്പെട്ട ഒരു അവസരത്തിലേക്ക് അവനെ നടത്തിയത്.

അവസരങ്ങൾ ഇങ്ങനെ വളരെ ആകസ്മികമായി നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടാ റുണ്ട്. അവയോടുള്ള സമീപനത്തിനനുസരിച്ചാണ് അത് കൈപ്പിടിയിലൊതുക്കുകയോ കളഞ്ഞു കുളിക്കുകയോ ചെയ്യാൻ കാരണമാകുന്നത്. ഏതൊരു വ്യക്തിയും അയാളിലേക്കെത്തുന്ന അവസരങ്ങളെ ഏതാനും സെക്കൻറുകളക്കുള്ളിൽ തന്നെ വിശകലനം ചെയ്ത് തീരുമാനമെടുക്കേണ്ടതുണ്ട്. അതിനാൽ ആദ്യത്തെ ഏതാനും സെക്കൻറുകളാണ് ഒരു മികച്ച അവസരത്തിൻറെ തുടക്കത്തിനു നിദാനം. ആ സെക്കൻറുകളിലെ തീരുമാനങ്ങളാണ് ഒരാളെ വിജയിപ്പിക്കുന്നത്. കാരണം, വേണമോ വേണ്ടയോ എന്ന് തീരുമാനിക്കപ്പെടുമ്പോൾ തന്നെ അതിൻറെ തുടർ നടപടികൾക്കുള്ള ആസൂത്രണവും തുടങ്ങുന്നു. വേണ്ട എന്നു തീരുമാനിക്കപ്പെട്ടാൽ പിന്നീട് തുടർ നടപടികൾ ഇല്ല. എന്നാൽ ഒരാൾക്ക് തുടർ നടപടികളുടെ ആസൂത്രണം സാധിക്കാതെ വരുമ്പോൾ അയാൾ അതിനായി മറ്റുള്ളവരുടെ സഹായം തേടേണ്ടി വരുന്നു. രക്ഷിതാക്കൾ, അധ്യാപകർ, വിശ്വസ്തരായ കൂട്ടുകാർ എന്നിവരോടായിരിക്കും അത്.



മികച്ച അവസരം എന്നാൽ സ്വന്തം സന്തോഷം ലഭിക്കുന്നതോടൊപ്പം പൊതു സമൂഹത്തിൻറെ സ്വീകാര്യത കൂടി ലഭിക്കുന്നതായിരിക്കണം. തനിക്ക് ആനന്ദം ലഭിക്കുന്നുണ്ടെങ്കിലും മറ്റുള്ളവർക്ക് ഇഷ്ടക്കേടുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുന്നതും മികവു തന്നെയാണ്. അങ്ങനെ ഒരു സാഹചര്യം ഉപേക്ഷിക്കുന്നതും ശരിയായ ചിന്തയുടെയും മികച്ച തീരുമാനത്തിൻറയും ഫലം തന്നെ. ഓരോ വ്യക്തിയുടെയും വിജയത്തിൻറെ വഴികൾ നിശ്ചയിക്കുന്നത് അവരവർ തന്നെയെന്ന് ചുരുക്കം.

# CANDLE

Light A Candle For Peace
Light A Candle For Love
Light A Candle For that Shines

All Away Around The World
Light A Candle For Me
Light A Candle For You
That Our Wish For World Peace
Will One Day Come True.

FATHIMA HIBA T
VIII A



# सूचना प्रौद्योगिकी संबंधी हिन्दी पारिभाषिक शब्दावली

**(Technical Terminology in Hindi Based on Information Technology**

डॉ. बिन्दू सी पी.

हर भाषा में पारिभाषिक शब्दावली का अपना महत्वपूर्ण स्थान है। भाषा में पारिभाषिक शब्दावली की अनिवार्य भूमिका है। आज विज्ञान और प्रौद्योगिकी का युग है। विज्ञान और प्रौद्योगिकी के सतत विकास से इक्कीसवीं शताब्दी के प्रारंभ में ही सूचना प्रौद्योगिकी एक विशाल शक्ति के रूप में उभर कर आई है। मानव सभ्यता के इतिहास में विज्ञान से मानव विकास में इतना व्यापक प्रभाव नहीं पड़ा जितना सूचना प्रौद्योगिकी से।

हमारे सामाजिक जीवन के विभिन्न क्षेत्रों में अभूतपूर्व परिवर्तन दिखाई दे रहा है। इस बदलाव का कारण सूचना प्रौद्योगिकी है। इसके संबन्धित पारिभाषिक शब्दावली की जानकारी होना ज़रूरी है। हिन्दी पारिभाषिक शब्दों के साथ साथ अंग्रेज़ी शब्दों का प्रयोग आजकल चल रहा है। कुछ अंग्रेज़ी शब्द लोकप्रियता की दृष्टि से हिन्दी शष्द से काफी आगे हैं, अत: एकदम अंग्रेज़ी शब्दों को छोडना आसान कार्य नहीं है। इस क्षेत्र में ज़्यादातर अंतर्राष्ट्रीय शब्दों का प्रयोग चल रहा है। अंग्रेज़ी शब्दों के बराबर हिन्दी शब्दों का निर्माण चल रहा है। अभी अंग्रेज़ी शब्दो का प्रयोग लिप्यंतरण या लिप्यंकन करके हिन्दी पारिभाषिक शब्दावली में शामिल की गई है। अर्थात सूचना प्रौद्योगिकी से संबन्धित अधिकतर अंग्रेज़ी शब्द हिन्दी में उसी प्रकार ही इस्तेमाल करते हैं। उदा:--

| | | |
|---|---|---|
| अद्यतन | - | Update |
| अनुरूप संगणक | - | Analog Computer |
| अधार फलक | - | Disc |
| आयतन | - | Volume |
| आँकडा | - | Data |
| आंकिक संगणक | - | Digital Computer |

| | | |
|---|---|---|
| आँकडा संसाधन | - | Data Processing |
| उपयोगिता प्रोग्राम | - | Utility Programme |
| कठोर प्रति | - | Hard Copy |
| केन्द्रीय संसाधन | - | Central Processor |
| कोड स्मृति | - | Code memory |
| चिप्पड | - | Chip |
| डिबग | - | Debug |
| तंन्त्रिक केन्द्र | - | Control Section |
| त्रुटि | - | Error |
| ध्वनि सन्देश | - | Voice Messaging |
| द्वि-आधारी | - | Binary |
| निपुण | - | Wizard |
| परिचालन प्रणाली | - | operating system |
| पार्श्वचित्र | - | Wall Paper |
| बेतार-संचार | - | Wireless Communication |
| प्रयोक्ता अंतरापृष्ट | - | User Interface |
| प्रयोक्ता नाम | - | User name |
| प्रयोक्ता समूह | - | User Group |
| मुद्रक | - | Printer |
| मुद्रित शब्द | - | Printed Word |
| भण्डारण | - | Storage |
| सत्यायन | - | Verify |
| साधन | - | Device |
| संकेत | - | Code |
| संकलन | - | Compile |

| | | |
|---|---|---|
| स्तर उन्नयन | - | Upgrade |
| स्मृति इकाई | - | Memory Unit |


कुछ अंग्रेज़ी शब्द ऐसे है जो हम लिप्यंकन या लिप्यन्तरण (Transliteration) करके उपयोग करते हैं। उदा :-

| | | |
|---|---|---|
| Access | - | एक्सेस |
| App | - | ऑप |
| Chat on | - | चाट्ट ऑन |
| Chrome | - | क्रोम |
| Downloads | - | डॉणलॉडस |
| E – mail | - | ई-मेल |
| Edumia | - | एडुमिया |
| Excel | - | एकसल |
| Facebook | - | फेस बुक |
| Google | - | गूगिल |
| Hangouts | - | हॉऔउट |
| Impact Printer | - | इंपैक्ट प्रिंटर |
| Linux | - | लिनक्स |
| Main Frame | - | मैन फेम |
| Microsoft Office | - | माइक्रोसोफ्ट ऑफीस |
| Online | - | ऑन लाइन |
| Password | - | पासवेर्ड |
| Video | - | वीडियो |
| You Tube | - | यू टूब |

इंटरनेट संबन्धी तथा कंप्यूटर संबन्धी शब्द अधिकतर अंग्रेज़ी में प्रयोग करते है। लेकिन हिन्दी में उचित शब्दावली भी है। उदा:-


| | | | | |
|---|---|---|---|---|
| Bar menu | - | बार मेनु | - | स्तंभ प्रसूचि |
| Browser | - | ब्रोषर | - | विचरक |
| Cancel | - | कॉनसल | - | निरसन |
| Computer | - | कंप्यूटर | - | संगणक |
| Card Reader | - | कार्डरीडऱ | - | कार्ड पाठक |
| Delete | - | डिलीट | - | विलोप |
| Disc | - | डिस्क | - | वृत्त |
| Hardware | - | हार्डवेयर | - | यंत्र सामग्री |
| Internet | - | इंटरनेट | - | अन्तरजाल |
| Keyboard | - | की बोर्ड | - | कुंजीपटल |
| Menu | - | मेनु | - | सूचि |
| Memory | - | मेमरी | - | स्मृति |
| Monitor | - | मोणिटर | - | प्रपट्ट |
| Network | - | नेटवर्क | - | जालक्रम |
| Save | - | सेव | - | संचित रखो |
| Server | - | सेरवर | - | परिसेवक |
| Software | - | सोफ्टवेयर | - | प्रक्रिया सामग्री |
| Operating System | - | ओपरेटिंग सिस्टम | - | परिचालन प्रणाली |
| Printer | - | प्रिंटर | - | मुद्रक |
| programme | - | प्रोग्राम | - | क्रमादेश |
| Virus | - | वायरस | - | ज़ूम इन - |
| Zoom in | - | ज़ूम इन | - | आकार वर्धन |

हिन्दी के अपने शब्दों का प्रयोग पारिभाषिक शब्दों के रूप में हिन्दी में ही प्रयुक्त होते हैं। अत: सरकार की यह नीति रही कि जिन शब्दों का यदि कोई पर्यायवाची शब्द संस्कृत मेल से न मिले और अन्य भारतीय भाषाओं में वे उसी अर्थ में या प्रचलित रूप में उपलब्ध हो तो ऐसे शब्दों को किसी भी कारण से हिन्दी में अपवाये जाएँ




# ലിയാനാഡോ ഡാവിഞ്ചി

മുഹമ്മദ് സിനാൻ കെ.കെ
9A



ഇറ്റലിയിലെ ഫ്ളോറൻസിനടുത്തുള്ള വിഞ്ചി ഗ്രാമത്തിൽ **1452** ഏപ്രിൽ **15** ന് ജനിച്ചു.ചിത്ര ശിൽപ കലകളിൽ പരിശീലനം നേടി അൾത്താര ചിത്രങ്ങളും പാനൽ ചിത്രങ്ങളും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഗുരുവായ ആന്ദ്രിയ ഡെൽ വെറോചിയുടെ സഹായിയായിത്തീർന്നു.മിലായിൽ വെച്ചാണ് ഡാവിഞ്ചി 'വെർക്ലിൻ ഓഫ് ദ റോക്ക്സ് 'വരച്ചത്.**1495** ൽ ഡാവിഞ്ചി തന്റെ മാസ്റ്റർ പീസായ 'ലാസ്റ്റ് സപ്പർ'വരക്കാൻ ആരംഭിച്ചു..**1498** ൽ പൂർത്തിയായി.**1503-1508** കാലത്ത് ഫ്ളോറൻസിൽ വച്ചാണ് മൊണാലിസയുടെ രചന നടത്തിയത്.**1492** ൽ അനാട്ടമി ചിത്രം വരച്ചു.നിരവധി ശവശരീരങ്ങൾ പരിശോധിച്ച് മനുഷ്യശരീരഘടനയെ കുറിച്ചാണ് ഈ ചിത്രം വരച്ചത്.**1507** ൽ മിഠാനിൽ താമസിക്കുകയായിരുന്ന ഫ്രഞ്ച് രാജാവായ ലൂയി പന്ത്രണ്ടാമൻ ഡാവിഞ്ചിയെ കൊട്ടാര ചിത്രകാരനായി പ്രഖ്യാപിച്ചു.**1514** മുതൽ **1516** വരെ റോമിൽ പോപ് ലിയോ പത്താമന്റെ സംരക്ഷണയിൽ കഴിഞ്ഞു.**1519** മെയ് രണ്ടിന് അന്തരിച്ചു.

Monalisa by Liyanaldo da vinchi



# Mom's Magic



In the darkest of heaven
The sweat  song from my mom !
I fall in a dream ;
I saw my mom like a star....
And a beautiful smile in her eyes,
she try make to me happyൗ
A light came to me,
And it very merciful !
Then my sorrow go away
And come a winning life by joy.......

**Fathima Sana V.K**
**9A**

## MOTHER

*Mothers are the gift from god. Mothers are the role models of their own children . All children want their mother to all things according to they. Mother give care,love,confidence all things to children manners, culture, discipline, neat etc. Are we studied from mother. Mother is the best friend to us. We share all things to mother. Our mother have right to punish us when we are little naughty. Mother give more care to us all good things we studied from our mother. Mother is the sweetest guy in the world. And the most important to us*

*love you maa*

-Hajara Beevi-

# വയസ്സറിയാം

*എല്ലാവരുടെയും വയസ്സ് കണ്ടുപിടിക്കാൻ ഒരു കൊച്ചു ചെപ്പടിവിദ്യ*

ആദ്യം സുഹൃത്തിനോട് 1 നും 9 നും ഇടയിലുള്ള ഒരു സംഖ്യ മനസ്സിൽ കരുതാൻ പറയുക.

എന്നിട്ട് ആ സംഖ്യയെ 2 കൊണ്ട് ഗുണിക്കുക.

ഈ സംഖ്യയോട് 5 കൂട്ടുക.

കിട്ടിയ സംഖ്യയെ 50 കൊണ്ട് ഗുണിക്കുക.

സുഹൃത്തിന്റെ ഈ വർഷത്തിലെ ജന്മദിനം കഴിഞ്ഞുവെങ്കിൽ ,ആകെ തുകയോട് 1767 കൂട്ടുക

അതല്ല ഈവർഷത്തിലെ ജന്മദിനം കഴിഞ്ഞില്ലെങ്കിൽ 1766 കൂട്ടുക.

ഇപ്പോൾ കിട്ടിയ സംഖ്യയിൽനിന്ന് ജനിച്ച വർഷം കുറയ്ക്കുക.

ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചത് ഒരു മൂന്നക്കസംഖ്യയാണ്.

ഇനിയാണ് മാജിക്ക്......

ആ സംഖ്യയിലെ ആദ്യത്തെ അക്കം ആയിരിക്കും കൂട്ടുകാരൻ ആദ്യം മനസ്സിൽ വിചാരിച്ചത്.

ഇനി ബാക്കിവന്ന രണ്ട് സംഖ്യയോട് 2 കൂട്ടുക

അപ്പോൾ കിട്ടുന്ന സംഖ്യയായിരിക്കും സുഹൃത്തിന്റെ പ്രായം!!!!



# യാത്രക്കൊടുവിൽ

വൃശ്ചികമാസത്തിലെ ആദ്യത്തെ രാത്രിയാണ്. ചീവീടുകളും മൂങ്ങകളും പതിവുതെറ്റിക്കാതെഅവരുടെ ജോലികൾ വൃഥാ ആരംഭിച്ചു കഴിഞ്ഞു. മേഘങ്ങൾ അന്ധകാരത്തെ ഭൂമിയിലേക്ക് വിതറിയിട്ടുണ്ട്. ആ ഒറ്റമുറി വീട്ടിൽ മണ്ണെണ്ണവിളക്ക് എരിയാൻ തുടങ്ങി. ആ വിളക്കിനരികിൽ ഒരു പെൺകിടാവിന്റെ മനസ്സും എരിഞ്ഞടങ്ങുന്നുണ്ടായിരുന്നു.അകത്ത് അച്ഛന്റെ ദീനരോദനം ചാറ്റൽമഴ പോലെ മനസ്സിലെത്തുന്നു.

അച്ഛന് ദീനം തുടങ്ങിയിട്ട് നാലഞ്ചുദിവസമായി. മരുന്നിനു പോലും ഒരു ചില്ലി കാശില്ല. വർക്കിമുതലാളിയുടെ വീട്ടുമുറ്റം തുണി അലക്കിയും ചക്രശ്വാസം വലിച്ച് ജോലിചെയ്ത് പത്തിരുന്നൂറ് രൂപയുണ്ട്. നാളത്തെ യാത്രയ്ക്ക് കരുതിവെച്ചിരിക്കുകയാണ്. രാവു പുലരുന്നതുവരെ ആ കട്ടിലിന്റെ ഉമ്പത്ത് ഇരുന്ന് ആലോചിച്ച് കൂട്ടിയ കാര്യങ്ങൾ കണക്കില്ലായിരുന്നു.

സൂര്യൻ കിഴക്ക് ഉണർന്നു. തലേന്ന് ഉറങ്ങിയിട്ടില്ലാത്തതിനാൽ വല്ലാത്ത ഒരു ക്ഷീണം അവളെ അലട്ടുന്നുണ്ടായിരുന്നു. അച്ഛനെ ചായകുടിപ്പിച്ചു ഒരുക്കി ഇരുത്തിയിട്ടുണ്ട്.അപ്പോൾ ആ വൃദ്ധന്റെ കണ്ണുകളിൽ ഒരായിരം ചോദ്യങ്ങൾ തെളിഞ്ഞു കാണുന്നുണ്ടായിരുന്നു. ക്ലോക്കിൽ സൂചി എട്ടുമണിയോടടുക്കുന്നു. ഗ്രമത്തിലുള്ളവരെല്ലാം സർക്കാറിന്റെ വിധിയറിഞ്ഞതിനെ തുടർന്ന് നേരത്തെതന്നെ മറ്റു സ്ഥലങ്ങൾ തേടിപ്പോയിരുന്നു. ഇനി ബാക്കിയുള്ളത് അച്ഛനും മകളും മാത്രം. ഒറ്റയ്ക്ക് ആ അച്ഛനെയും കൊണ്ട് എങ്ങോട്ട് എന്ന ചോദ്യത്തിന് അവൾക്കുത്തരമില്ലായിരുന്നു.തന്നെപോലെ ആരും തന്നെ ഉണ്ടാവില്ലെന്നവൾ ഓർത്തു.

ഒരു ഒറ്റയാൾ പോരാട്ടത്തിന് അവൾ തയ്യാറായിരുന്നു. കാലങ്ങളായി താമസിച്ചു പോരുന്ന കോരന്തൂർ എന്ന പറമ്പും ഗ്രാമവും ജനങ്ങളുമെല്ലാം ഒരു സുപ്രഭാതത്തിൽ എങ്ങനെ ഗവൺമന്റിന്റേതായി?എതിർത്തു നിന്നവരെ ഓരോരുത്തരെയായി അവർ പണം കൊണ്ട് കീഴടക്കിയിരുന്നു.

എങ്കിൽ അവൾക്കും അച്ഛനും എതിർക്കാൻ തക്കശേഷി ഇല്ലായിരുന്നു. അല്ലങ്കിലും പണം കണ്ടാൽ മഞ്ഞളിക്കുന്ന നിയമത്തിനു മുന്നിൽ പാവങ്ങളെന്നും ഒരു ഉപേക്ഷിത വസ്തുവായിരുന്നു.

പത്തുമണിയോടടുത്തപ്പോഴേക്കും ഉദ്യോഗസ്ഥർ ഓരോരുത്തരായി വന്നുതുടങ്ങിയിരുന്നു. അവളുടെ നെഞ്ചിടിപ്പിന്റെ ശബ്ദം ഒരു ഓട്ടുകിണ്ടിയിൽ വെള്ളം വീഴുമ്പോൾ കേൾക്കാവുന്നത്ര ഉച്ചത്തിലായി.

നടപടികളൊക്കെ വളരെ പെട്ടെന്ന് കഴിഞ്ഞു. പല പേപ്പറുകളിലും അച്ഛന്റെയും

മകളുടെയും കൈ മുദ്ര പതിപ്പിച്ചു. ഒരു വിനയവും കാണിക്കാതെ അവർ വീട്ടു പൂട്ടി. ഒരു "ഊം... ഇറങ്ങിക്കോ" എന്നാത്തിനാ പിന്നെയും ഇവിടെ നിൽക്കുന്നത്? കൂട്ടത്തിൽ ഏറ്റവും ഗൗരവമുള്ള ആൾ പറഞ്ഞു. ഒരു മറുവാക്കുപോലും പറയാതെ അവൾ യാത്രയായി.

ഒന്നു തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ നോക്കണമെന്നുണ്ടായിരുന്നു.എന്നാൽ നോക്കാൻ ശേഷി ഇല്ലായിരുന്നു. അച്ചനെ അധികസമയം നടത്തിക്കുന്നതു ശരിയല്ലെന്നവൾക്കു തോന്നി. പാവം അച്ഛൻ എന്തിനെന്നോ എവിടെക്കെന്നോ ഒരു വാക്കും ചോദിച്ചില്ല.അച്ഛന്റെ രോഗം മൂർചിച്ചിട്ടുണ്ടെന്നവൾക്ക് തോന്നി. കയ്യിൽ കരുതിയിരുന്ന ആ നൂറു രൂപാ നോട്ടെടുത്ത് ആ കയ്യിൽ കൊടുത്തിട്ട് കുറച്ച് ഭക്ഷണം വാങ്ങി കയ്യിൽ കരുതി. സ്വസ്ഥമായി ഒരിടത്ത് നിന്ന് കഴിക്കാൻ വേണ്ടി കണ്ടെത്തിയ സ്ഥലം അശാന്തമായ ആ കടൽ തീരമായിരുന്നു. കടൽ തീരത്തേക്ക് ആ അച്ഛന്റെ കൈയ്യും പിടിച്ച്പോവുമ്പോൾ പണ്ടെങ്ങോ അമ്മയും അച്ഛനും തന്റെ കൈയ്യും പിടിച്ച് തുള്ളിച്ചാടി നടന്നതോർമ്മ വന്നു. ഒരു തുള്ളികണ്ണനീർ

ആ ചുടുമണലിൽ കുതിർന്നു. പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. അച്ഛൻ തന്റെ കൈയിൽ നിന്നു വഴുതിപ്പോയിരുന്നു.

ഒരു നിമിഷം ഒരു മിന്നൽ പിണർ ആ ശരീരത്തിലൂടെ കടന്നു പോയി.
"അച്ഛാ....അച്ഛാ...." എന്നാൽ ആ വിളികേൾക്കാൻ
അച്ഛന് കഴിയില്ലായിരുന്നു. തണുത്തുറഞ്ഞ ആ കൈ കെട്ടിപ്പിടിച്ച്
കരഞ്ഞു.

ദുഃഖസൂചനക്ക് ഒരു ബലിക്കാക്ക അവിടെ നിന്ന് കരയുന്നുണ്ടായിരുന്നു. ആരൊക്കെയോ വന്നു എന്തൊക്കെയോ കഴിഞ്ഞു. ഒന്നും അവൾക്ക് ഓർമിക്കുവാൻ കഴിയുന്നില്ലായിരുന്നു.

എന്നും ഒപ്പമുണ്ടാവുമെന്ന് കരുതിയ അച്ഛനും തന്നെ വിട്ടു പിരിഞ്ഞത് അവളെ വല്ലാതെ തളർത്തിയിരുന്നു. വാടിപ്പോയ ഒരു *വാഴയില പോലെ അവൾ അങ്ങനെ ഇരുന്നു.*

*അശാന്തമായ ആ കടൽ ഇപ്പോൾ ശാന്തമായിരിക്കുന്നു. ആ യാത്രാവസാനം അവിടെ ആ കടപ്പുറവും തന്റെ അച്ഛന്റെ മരണവും ആണെന്നവൾ മനസ്സിലാക്കി. ആ ശാന്തമായ കാലിലേക്ക് സൂര്യൻ അതീവ ദുഃഖിതനായി കരഞ്ഞു ചുവന്ന മുഖവുമായി അസ്ഥമിച്ചു.*

# mother

-Sajishana-

If I could give you diamonds
for each tears you carried for me

if I could give you sapphires
for each truth  you've help me see

if I could give you rubies
for the heartache that you known

if I could give you pearls
for the wisdoms that you've shown

then you will have a treasure
mom that would almost match

but I have no pearls,no diamonds
as I'm sure you've well aware

so I'll give you gifts more precious
my beating heart.

# അണഞ്ഞു പോയ ദീപം

അന്നവൾ സന്തോഷത്തോടെയാണ് വീട്ടിൽ നിന്നിറങ്ങിയത്. പ്രഭാതത്തിലെ പൂക്കൾ വിരിയുമ്പോലെ അവളുടെ മുഖം വർണമനോഹരമായി.അവളുടെ കഠിനാധ്വാനത്തിനുശേഷം അവൾക്ക് ജോലികിട്ടി.ആദ്യമായി ജോലിക്ക് പോകേണ്ട ദിവസമായിരുന്നു.മല്ലിക സന്തോഷത്തോടെ എല്ലാ വിധ തയ്യാറെടുപ്പുകളും എടുത്തത്. തന്റെ എല്ലാമെല്ലാമായിരുന്ന അമ്മയോട് ഒരു ഇളം കുരുന്നിനെപ്പോലെ അനുഗ്രഹം വാങ്ങി അവൾ വീട്ടിൽ നിന്നിറങ്ങി.ആ നിമിഷം അമ്മയുടെ കണ്ണുകളിൽ നിന്ന് പേമാരിപോലെ കണ്ണീർ വീഴാൻ തുടങ്ങി. പിന്നീട് അമ്മയുടെ മനസ്സിൽ നിറയെ അമ്മ ജീവിതത്തിൽ സഹിച്ച വേദനകളും പ്രയാസങ്ങളും അതിനിടയിൽ തന്റെ എല്ലാമായിരുന്ന മല്ലികയെ വളർത്തിയതും ഓടിയെത്തുന്നു.

അച്ചന്റെ മരണശേഷം അമ്മ മറ്റുവീടുകളിൽ പോയി വേലയെടുത്താണ് മല്ലികയെ വളർത്തിയത്. പഠനത്തിൽ മിടുക്കിയായ മല്ലികയെ പഠിപ്പിക്കുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും അമ്മ അവളറിയാതെ അവൾക്കുവേണ്ടി ചെയ്തു .താൻ വൃദ്ധയാകുമ്പോൾ തനിക്കൊരു തുണയായി എന്റെ മല്ലി മാത്രമേ ഉണ്ടാവൂ.അവളെ എന്തൊക്കെ പ്രയാസങ്ങൾ സഹിച്ചാലും സ്വന്തം കാലിൽ നിൽക്കാൻ പറ്റുന്ന ഒരു നിലയിലാക്കണം എന്നായിരുന്നു അച്ചന്റെ മരണശേഷം അമ്മയുടെ മനസ്സിലുണ്ടായിരുന്നത്. ആരാരും അറിയാതെയും കാണാതെയും തന്റെ സങ്കടങ്ങൾ മനസ്സിന്റെ മറയ്ക്കുള്ളിൽ അമ്മ ഒളിപ്പിലച്ചു വച്ചിരുന്നു. അങ്ങനെ പലരോടും പലതും കേട്ട് അമ്മ തന്റെ ആരോഗ്യം മുഴുവൻ മകൾക്ക് വേണ്ടി ചെലവഴിച്ചു. ഇപ്പോൾ മകളെ നല്ല ഒരു അധ്യാപികയായിമാറ്റിയിരിക്കുന്നു. മല്ലി തന്റെ യാത്രയിൽ തന്റെ ചെറുപ്പം മുതലുള ഓരോ ഓർമകളും ദൂരെ സായാഹ്നത്തിൽ നിന്നെപ്പോലെ ഓർത്തെടുത്തു. തന്നെ - വളർത്താൻ തന്റെ അമ്മ ജിവിതത്തിൽ മുഴുവൻ പ്രയാസപ്പെട്ടതും- കണ്ണീർ വാർത്തതും. അവളുടെ മനസിനെ കരയിപ്പിച്ചു. സന്തോസ ഷമുള്ള ദിവസം കണ്ണിൽ നിന്നു കണ്ണീർവീഴ്ത്തരുതെന്ന് മല്ലിയോട് അമ്മ പറയാറുണ്ടയിരുന്നു. അവൾ കണ്ണീർ തുടച്ച് വീണ്ടും ഒർമകളിലേക്ക് മറയാൻ തുടങ്ങി.

അമ്മ വീട്ടിൽ ഒരോ പണികളുമെടുത്ത് സമയം മുന്നോട്ടു

നീങ്ങി. ആ സമയത്ത് അമ്മയ്ക്ക് നെഞ്ചിൽ നിന്ന് ഒരു വേദന അനുഭവപ്പെട്ടു ആസമയത്ത് വീട്ടിൽ അടുത്ത വീട്ടിലെ മീനാക്ഷി യേടത്തി ഉണ്ടായിരുന്നു. അവർ അമ്മയുടെ വേദന കണ്ട് ഉണ്ട് മറ്റു

ഉള്ളവരെക്കൂടിവിളിച്ചു കൊണ്ടു വന്നു.പക്ഷേ നിർഭാഗ്യം എന്നു

പറയട്ടെ ആ അമ്മയുടെ കണ്ണുകൾ പതിയെ ആരോ ഊതിക്കെടു

ത്തിയ വിളക്കിന്റെ തിരിനാളം കെട്ടു പോകുന്നതുപോലെ

അണഞ്ഞുപോയി. എല്ലാവരും പരികാന്തരായി. മല്ലികയെ

വിചാരിച്ചും ജീവിതത്തിൽ മല്ലികയുടെ അമ്മ രമ ചേച്ചി

സഹിച്ച പ്രയാസങ്ങളും വിചാരിച്ച് പൊട്ടിക്കരയാൻ തുടങ്ങി.

മല്ലിസന്തോശത്തോടെ തന്റെ ക്ലാസിൽ പോയി.

നന്മയാർന്ന മനസ്സുകളിൽ നിന്ന് തന്റെ അറിവുകൾ പൂക്കൾ പോലെ നിരന്നു നിൽക്കുന്ന കുട്ടികളുടെ സുന്ദരമായ മുഖത്തേക്കു നോക്കിനുകർന്നു കോടുത്തു.ടീച്ചറുടെ നന്മയാർന്ന മനസിൽ കുട്ടികൾ ലയിച്ചു .ചേർന്നു അങ്ങനെ സന്തോഷത്തോടെ അവൾ

തന്റെ മൂന്നു ക്ലാസ്സുകളിൽ അറിവുകൾ പകർന്നു നൽകി.

ആ സമയത്താണ് സ്കൂളിലെ ഭാസ്കർ എന്ന പ്യൂൺ വന്ന് മല്ലി ടീച്ചടെ ഹെഡ്മിസ്റ്റർ വിളിക്കുന്നുണ്ട് എന്ന് പറഞ്ഞ്. എന്തിനാവും എന്ന ചിന്തയോടെ അവൾ പതുക്കെ തന്റെ കാൽപ്പാദങ്ങൾ ഓഫീസിനു നേരെ നീടിവലിച്ചു. അങ്ങനെ അവൾ ഓഫീസിലെത്തികാര്യം അന്വേഷിച്ചു. ഹെഡ്മിസ്റ്റർ പറഞ്ഞു മല്ലികയോട് ഒന്നു വേകം വീട്ടിലേക്ക് പോകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.എന്തിനാണെന്നചോദ്യത്തിന്-

ഒരു പാപിയെപ്പോലെയുള്ള നോട്ടം മാത്രമായിരുന്നു മല്ലികയ്ക്കുള്ള മറുപടി . അങ്ങനെ മറ്റു സഹ അദ്ധ്യാപകോട് യാത്ര പറഞ്ഞ് മല്ലിക സ്കൂളിൽ നിന്നിറങ്ങി. തിരിച്ചുള്ള യാത്രയിൽ അവർ ദുരുഹതകൾ നിറഞ്ഞ ചിന്തകളുമായി വീട്ടിലെക്ക് പോയി.

ആ യാത്രയ്ക്കൊടുവിൽ അവളെ തെടിയെത്തയത് ഒരു മരണ വാർത്തയാണെന്ന് അവൾക്ക്മനസ്സിലായില്ല മല്ലി. വീട്ടിലെത്തി മുറ്റനിറയെ ആൾക്കൂട്ടം.അവളുടെ മനസ്സിൽ തന്റെ അമ്മയെക്കുറിച്ചുള്ള ചിന്തകൾ ഓടിയെത്തി.അവിടെയുണ്ടായിരു

ന്ന അവളുടെ അയൽക്കാരുടെ മുഖങ്ങൾ മഴക്കാലത്തുള്ള മേഘങ്ങൾ പോലെ ഇരുണ്ടിരുന്നു. അവളുടെ അയൽവാസി മിനാക്ഷിയേടത്തി മോളെ മല്ലി അമ്മ പോയി........

എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞു. മല്ലിയുടെ ഹൃദയം പൊട്ടിക്കീറി.

വല്ലാതെ അവശയായ അവൾ തന്റെ അമ്മയുടെ മുഖത്തേക്ക് നോക്കി. നിശ്ചലമായി ജീവനറ്റ്കിടക്കുന്ന അമ്മറ്റ്കിടക്കുന്ന

അമ്മയുടെമുഖത്തേക്ക്കണ്ണിർതുള്ളികൾഉറ്റിക്കൊണ്ടേയിരുന്നു.

തനിക്ക് ജോലികിട്ടിയിട്ട് തന്റെ അമ്മയ്ക്ക എല്ലാവിധ സന്തോഷങ്ങളും നൽകണമെന്ന് വിചാരിച്ച അവളുടെ പ്രിയപ്പെട്ട അമ്മ അകലയ്ക്ക മാഞ്ഞു. ഇനി അവൾക്ക് സന്തോഷങ്ങൾ

നിറഞ്ഞ ജീവിതം നയിക്കാൻ കഴിയില്ല എന്നവൾക്കു തോന്നി
ഒന്നു മാറിയിരിക്കാതെ തനിക്കുവേണ്ടികഷ്ടപ്പെട്ട അമ്മ എങ്ങോട്ടോ തിരിച്ചുവരവില്ലാത്ത ദൈവത്തിന്റെ അടുത്തേക്ക്

പോകുന്നു. അങ്ങനെ അവിടെ നിന്നും ആ അമ്മയുടെ ശരീരം


പറമ്പിലേക്ക് കടന്നു.ശവസംസ്കാരം കഴിഞ്ഞ് എല്ലാവരും മടങ്ങി.മല്ലിക തനിച്ചായി. പക്ഷേ അവളുടെ കണ്ണിൽ നിന്നും ഒഴുകുന്ന കണ്ണീരിന് അളവുണ്ടായിരുന്നില്ല അങ്ങനെ ആ യാത്രക്കൊടുവിൽ അവളെ തേടിയത്തിയ വാർത്തയെക്കുറിച്ച് സമയം പോയതറിഞ്ഞില്ല.അമ്മേ... എന്ന മല്ലികയുടെ മകളുടെ വിളിക്ക് വിളി കേട്ടുകൊണ്ടവൾ ഓർമയിൽ നിന്നും ഉണർന്നു. പണ്ട് സന്തോഷം ലഭിച്ച സമയം ദൈവം മല്ലിയുടെ അമ്മയെ വിളിച്ചുകൊണ്ടു പോയി. അവളെ വേദനിപ്പിച്ചു.എന്നാൽ ഇന്നവൾക്ക് അവളുടെ അമ്മയുടെ ആഗ്രഹം പോലെ നല്ല സുന്ദരമായ ഒരു ജീവിതം ഉണ്ടായി.അവള്ളുടെ കല്ല്യാണം കഴിഞ്ഞ് അവൾക്ക് രണ്ട് കുഞ്ഞുങ്ങളുണ്ടായി.അവളുടെ അമ്മയെപ്പോലെ സ്നേഹിക്കുന്ന ഓർമ്മയെയും ലഭിച്ചു.അങ്ങനെ അവൾ പതിയെ വീട്ടുപണികളിൽ ഏർപ്പെടാൻ തുടങ്ങി. ഏതൊരു *ദു:ഖത്തിനും, രാത്രിയ്ക്ക് പകരമായി ഒരു പകൽ ഉണ്ടാവുന്നപോലെ സന്തോഷവും ഉണ്ടാവും എന്ന തിരിച്ചറിവ് മല്ലികയ്ക്കുണ്ടായി*

# Tongue Twister's

* Peter Piper picked a peak of
Pickled peppers. A peak of
Pickled peppers Peter Piper
Picked. If Peter Piper Picked a
Peck of Pickled peppers, where
Are the Pickled Peppers peter
Piper picked?
* A good cook could cook
As much cookies As a Good
Cook Who could cook cookies.

*Alinshan A.R*
*9B*


# OUR FUTURE IN OUR OWN HANDS




To win in the future we must concentrate on the present. But most of us are not concentrate on the present instead we think of the past and desire for future every one wants to be happy healthy and has a little peace of mind in life order to expedience all these what we need to learn is to stay in the present movement. We spent time living in a past that has gone and in future hasn't even be realised yet for some reason. We seem to intent on avoiding the present movement with all matter for day dreams and self distraction which brings about obstacle and make us weak.

So we must be strong enough to face the present so that we can develop confidence their by empower our selves and finally become happy and success full in life to make life meaning full. One we must understand the signifies of the present.

We should enhance our physical energy increase the ability to focus our attraction more deeply and more clearly and develop a since of infusion. These help to shape our personality to become more competent to achieve our goal. In life teach our mind to concentrate on present in the art of being. Present we nothing by worrying about past or future. It is better and healthy to learn lesson from mistake made in the past the teaching to be happy is to be optimistic and remain in present







**Fathima K.V**

**9A**



# School life

*As we all know the school life is most wonderful period in our life even our parents,sisters,brothers or any elders whom we know can share or they love to share the beautiful moments in their school life*

*school life is the period where we come to know about the  dos and dont's in our life along with our wonderful friends, we spent time playing, chatting, joking even being naughty. It is in the period where form a friends group,closer and even not closer too............. and those friendship during our school life may last forever. Our dreams, ambitions,confidence, sharing, caring etc. are formed during our school life.*

*We learn to respect and treat everyone with courage during this period. We use our full loaded energy in spending with our friends and teachers. Studies, assignments, notes, exams, marks..................*
*become part of life.*

*Weather on, when years pass, we will have a moment which we even feel a comeback to school once again. Everyone would love  to have beautiful memories of school life, so we should study and enjoy well to have our wonderful memories in future.*

# FISHER MAN AND HIS GIFT

Once a day a fisher man went to the harbour at early morning. The sun light does not reach to the earth it was just ready to rise and he was sitting at the the stand and his mind relax at the cold breeze of sea he was a poor fisher and so his mind through a several problems he pick up the stone from the sand and throw to the sea.

And while throwing the sand he sow a bag and he opened it he get the full of anxiety become it was complete of diamond and valuables. and he take the bag of valuables and he just passed from there because his dream of last night was the god of ocean bless him by giving the valuables.



**-Afeef. T. P-**




അഭിരാം ടി പി

അൽപ്പമൊന്നു തടിച്ച് അരോഗദൃഢഗാത്രനായ അയാൾ ഗ്രൽസാലിയ സ്റ്റേഷനിൽ പാമ്പിൻതോലുരിഞ്ഞുണ്ടാക്കിയ ഷൂസ് ധരിച്ച് അൽപ്പമൊന്നുറക്കെ ശബ്ദമുണ്ടാക്കി നടന്നു. നിലവിളക്കിലിട്ട തിരി പോലെ അയാളുടെ മേൽച്ചുണ്ടിന്മേൽ കട്ടിമീശ ചുണ്ടൻവള്ളത്തിന്റെ ആകൃതിയിൽ അൽപ്പം മൂർച്ഛിച്ചുതന്നെ നിൽപ്പുണ്ടായിരുന്നു.

അയാൾ 500ml കുപ്പിവെള്ളം വാങ്ങി. 5000 രൂപ. ട്രെയിനിലെ ഓക്സിജൻ കമ്പാർട്ട്മെന്റിലായിരുന്നു അയാളുടെ സ്ഥാനം. അതുകൊണ്ട് അയാൾക്ക് അധികം ക്ഷീണമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും അയാളുടെ ശരീരം ഒരിറ്റ് ജലത്തിനായി വെമ്പൽ കൊണ്ടു. 5000 രൂപ കൊടുത്ത് വാങ്ങിയ ആ കുപ്പിവെള്ളം അയാളുടെ ആ വരണ്ട നാവിനെ ഒന്ന് സ്പർശിച്ചപ്പോഴേക്കും വെള്ളം കാലിയായി.അയാൾ അൽപ്പം വേഗതയിൽ സി . ബി . ഒ (സിറോൺ ബാങ്ക് ഫോർ ഓക്സിജൻ) യിലേക്ക് നടന്നു. ഒരു സിലിണ്ടറിന് ഗവൺമെന്റ് ഇന്നലെ കൂട്ടിയത് 70000 രൂപയാണ്. തിരോകായ് എന്ന ആരാജ്യത്തെ മുക്കാൽ ഭാഗെ ജനങ്ങളും ഓക്സിജൻക്കിട്ടാതെ പിടഞ്ഞുമരിച്ചു.

ആ മൃതശരീരങ്ങളിൽ കൂടുതലും കുരുന്നുകളുടേതായിരുന്നു. അവ ഒന്ന് നീക്കം ചെയ്യാൻ പോലും കഴിയാതെ ചീഞ്ഞുനാറിക്കൊണ്ടിരുക്കയാണ്. തിരോകായ് എന്നാൽ സിറോൺ ഭാഷയിൽ ശുദ്ധവായുവിന്റെ നാട് എന്നാണർഥം. ഇക്കാര്യം അറിഞ്ഞപലരും ഇപ്പോൾ അട്ടഹസിക്കുകയാണ്. തിരോകായ് എന്ന രാജ്യത്തിന് ഒരു നല്ല കാലമുണ്ടായിരുന്നു. ഇന്നിവിടെ ശുദ്ധവായുവോ,ജലമോ,മരമോ,എന്തിനധികം പറയുന്നു. ഒരു പുൽനാമ്പിന് പോലും ഇവിടെ കിളിർക്കാൻ ഭയമാണ്. ഇന്നിവിടം ശൂന്യം.പ്രാണനറ്റുകിടക്കുന്ന കുറച്ച് മനുഷ്യശരീരങ്ങൾ മാത്രം.ഇന്ന് ഇവിടെ അവശേഷിക്കുന്ന വീടുകളിൽ AC അല്ല OC ......... ഓക്സിജൻ കണ്ടീഷണർ. അയാൾസ്വർഗ്ഗം കിട്ടിയ സന്തോഷത്തിൽ ഓക്സിജൻ വെഹിക്കിൾ ലക്ഷ്യമാക്കി നടന്നു. ഇരു വശത്തേയും കാഴ്ചകൾ പ്രമുഖ വ്യവസായിയായ അങ്കോര ഇസൂമിയുടെ കണ്ണുതള്ളിച്ചു. ഭക്ഷണം കിട്ടാത്തുകൊണ്ട് പരസ്പരം കടിച്ചുപറച്ച് മനുഷ്യമാംസം കഴിക്കുന്ന മനുഷ്യർ. അവിടെ അച്ഛനോ അമ്മയോ എന്ന ചിന്തയില്ല..... മകനോ മകളോ എന്ന ചിന്തയില്ല....... അയാൾ ശർദ്ദിക്കോനോങ്ങി.

ഡ്രൈവർ പറഞ്ഞു. "സാർ ബിൽകോയ് എത്തി.സാർ ആരാണ് ?എന്തിനിവിടെ വന്നു"? . അയാൾ ഒന്നും പറഞ്ഞില്ല. അങ്കോര അയാളോട് ചോദിച്ചു. "താങ്കളുടെ കുടുംബം"? ആ ഡ്രൈവർക്ക് ഒന്ന് വിങ്ങിപ്പൊട്ടാൻ പോലും കഴിഞ്ഞില്ല. കാരണം കരയുന്നതിന് കൂടുതൽ ഓക്സിജൻ ചെലവാകും.എങ്കിലും അയാൾ പറഞ്ഞു. "എന്റെ വൃദ്ധരായ മാതാപിതാക്കൾ 5 ദിവസം മുൻപാണ് മരിച്ചത്. ഭാര്യ മരണത്തോട് മല്ലിട്ട് കിടക്കുകയാണ്. എനിക്ക് മൂന്നുദിവസം മുൻപാണ് ഒരു കുഞ്ഞുപിറന്നത്. ജീവശ്വാസം ലഭിക്കാതെ ഒന്നു പിടക്കാൻ പോലും ശേഷിയില്ലാതെ ആ കുഞ്ഞ് പോയി....... ഇനി ഞാൻ മാത്രം........" അയാളുടെ നിയന്ത്രണം നഷ്ടപ്പെട്ടു. കരഞ്ഞു. ഓക്സിജൻ സിലിണ്ടറിലെ ഇൻഡിക്കേറ്റർ പൊടുന്നനെ എംപ്റ്റി ലൈറ്റിൽ ചെന്ന് പതിച്ചു. ആ മനുഷ്യജീവനും സാവധാനം വേദനകൊണ്ട് പുളഞ്ഞ് പരലോകം പൂണ്ടു.

അങ്കോര ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. എങ്ങോട്ടെന്നില്ലാതെ. ഒരു ഭ്രാന്തനേപ്പോലെ.... പുഴുത്തരിച്ച മനുഷ്യജഡങ്ങൾക്കിടയിലൂടെ.... അയാൾ ഒരു സ്ഥലത്തുവച്ച് ഓട്ടം നിർത്തി. വീട്ടിലേക്ക് ഫോൺ വിളിക്കാനൊരുങ്ങി. കുഞ്ഞുമക്കളെ അവരുടെ പിതാവിന്റെ ശബ്ദം അവസാനമായി ഒന്നു കേൾപ്പിക്കാൻ. റേഞ്ചില്ലാത്തതുകാരണം ഫോൺ റിങ് ചെയ്തില്ല. ആ സമയത്ത് അയാളുടെ വീട്ടിൽ ചേതനയറ്റു കിടക്കുകയായിരുന്നു ഭാര്യയും മക്കളും..... അയാൾ ഫോൺ നിലത്തെറിഞ്ഞുടച്ചു. അത് ചിന്നഭിന്നമായി. അയാൾ മരുപ്പച്ച പോലെ ഒരു വൃക്ഷത്തെ കണ്ടു. അയാൾ അവിടെ ഒരു തടമെടുത്ത് വൃക്ഷത്തെ അതിലേക്കിറക്കിവച്ചു. ആ സമയത്ത് അന്തരീക്ഷത്തിൽനിന്നൊരശരീരി കേട്ടു... "ഹേ മാനുഷാ...ഞാൻ പ്രകൃതി ദേവത. മനുഷ്യവംശത്തെ സൃഷ്ടിച്ച മഹാപാപി. നീയും നിന്റെ വർഗ്ഗവും ഒരുപാട് വളർന്നു...എന്റെ മക്കളെ നീ വേട്ടയാടിക്കൊന്നും അഗ്നിക്കിരയാക്കിയും വെട്ടിമുറിച്ചും ഇല്ലാതാക്കി...ഒപ്പം ഈ കൊച്ചു തണൽമരം നടാൻ ഒരുപാട് വൈകി..". ആ അശരീരി നിലച്ചു.

അയാൾ അവിടെ മൺകൂനക്കരികിൽ നിർത്തിയിട്ട ജെ സി ബിയുടെ മേലുള്ള പേര് വായിച്ചു...എർത്ത് റിമൂവർ............. അതെ ആ പേര് അതിന് യോജിച്ചതാണ്. ഭൂമിയെ നീക്കം ചെയ്യുന്നത്.......... അയാൾ മുട്ടുകുത്തിയിരുന്ന് കരഞ്ഞു. പെട്ടെന്ന് അന്തരീക്ഷം കറുത്ത പുകയാൽ മൂടി. ഇടിമിന്നലുകൾ ഭൂമിയെ പിളർത്തി.. കടൽവെള്ളം ക്രോധരൂപിണിയായി ആർത്തലച്ചെത്തി..........................



"ഇപ്പോൾ ഈ ലോകത്ത് ഹിരോഷിമയില്ല....നാഗസാക്കിയില്ല.. അമേരിക്കയുടേയോ,ഉത്തരകൊറിയയുടേയോ ആണവരഹസ്യങ്ങളില്ല......കണ്ടുപിടുത്തങ്ങളോ,യുദ്ധചരിത്രങ്ങളോ ഇല്ല...... ഈ ഭൂമിയിൽ വീരന്മാരോ,ഭീരുക്കളോ ഇല്ല... എന്തിനധികം.. ഇന്ന് ഭൂമിയിൽ പച്ച നിറമില്ല നീലക്കടൽ മാത്രം.............."

# FRIENDSHIP

Friendship,the silent gift of nature
Deeper,sweeter,closer,warmer
Less words, more understanding
Friends are assets of life,
Confidence of a suffering heart
Courage in our solsousness
Shade in our sadness,
Friends are valuable, as books,
They teach us what's life
They give us memories
Friends are the lotus of heart,
Which never withers
The true love of inner mind,
It has only one name.....
That's FRIENDSHIP.



FATHIMA NIMMI
8 A

# RAIN

Introduction: Rain is the drops of water that fall on the earth from the cloud . Rain fall is defined as fall of innumerable drops of water (rain) at a time on the on the earth surface.

Causes of rain;water from seas, ocean, river, lakes, canals, pond etc. Get vaporized due to the heat of the sun. This vapour rises up and comes in contact with cold air and condenses in the form of cloud. When this cloud is cooled further it can float in space and falls down on the earth surface as rain by the gravitational attraction of the earth

-Nafia. N-



# STORY OF ENGLISH

**PHILIP GOODEN**

**This story is a pretty standard short history of English language for a general leader I've read one third of the book but didn't get the point about English. I wanted to know it disregarding western historical arguments. Bit still its a good book with interesting historical perspective. I do like the fact that author doesn't ignore of forget other place where English was important , like Australia and India . Author also points out that there are more people speaking English as second language that those who speak English as first language . How the English language conquered the world ? World wide, 380 million people speak English as first language and 600 million people as second language. A staggering one billion people are believed to be tearing it. English language is the premier international language in communications, science, biusnes, aviation, internet, entertainment etc. It is thus turned as the first universal language.**

**Over this book was a good updation to the story of English, I wish to add that I do like the style of the author how he made this book.**

**Sajishana**

# അമ്മപ്പൂച്ച

എപ്പോഴും അടുക്കളപ്പുറത്ത്
അടക്കിപ്പിടിച്ച ശബ്ദവുമായി നടക്കും;
അടുക്കളപ്പാത്രങ്ങളിൽ
ഇടക്കിടെ മുഖമുരുമ്മും...
കരിയും ചെളിയും പുരണ്ട്,
വൃത്തിഹീനയായി,
രാത്രിയുടെ ഏതോ യാമം വരെ
മറ്റുള്ളവരുടെ എച്ചിലുകൾ
നക്കിത്തുടച്ച് വൃത്തിയാക്കും.



പിന്നീട്,
ദേഹശുദ്ധി വരുത്തി
കിടപ്പറയിലെ കാമവെറി
പൂണ്ട കാടൻപൂച്ചയെ
തൃപ്തിപ്പെടുത്താൻ വെമ്പും
ഇരുട്ടിന്റെ തീക്ഷ്ണതയിലെവിടേയോ
സ്വയം മറന്ന് സ്വപ്നങ്ങളുടെ
കരി പുരണ്ട ആകാശങ്ങളിൽ
പ്രതീക്ഷയുടെ നക്ഷത്രങ്ങളെ തിരയും
പ്രഭാതത്തിന്റെ പേടിപ്പെടുത്തുന്ന
ശബ്ദങ്ങളെ ദുഃസ്വപ്നം കണ്ട്
മയക്കത്തിന്റെ തീരങ്ങളിൽ
തെല്ല് വിശ്രാന്തി തേടും.

**അജയൻ**





























# ഓർമ്മകളുടെ നേർ വാക്ക്..............



# I HAD A LITTLE DOG

I had a little dog
I had a little dog
and his name was blubell

I gave him some work
I gave him some work
and he did it very well

I send him upstairs
to pick up a pin
to pick up a pin

he stepped in the coal
scuttle up to his chain
scuttle up to his chain

I send him to garden
to pick some sage
to pick some sage

he tumble down
he tumble down
and fell in a rage

I had a little dog
I had a little dog
and his name was blubell

I gave him some work
I gave him some work
and he did it very well

**-Bahja fathin-**

# സത്യം

ഒരു സ്വപ്നം
സമയം അർദ്ധരാത്രി പിന്നിട്ടിരിക്കും
കൂട്ടത്തിൽ നിന്നുമാറി
ഒരു മരം തല തിരിച്ചായിരിക്കുന്നു

ഇലകളും കൊമ്പുകളും താഴെ,

വേരും തടിയും മേലെ.
പ്രഭാതത്തിൽ
തല കീഴായ മരം

സത്യം വിളിച്ചു പറയുന്നു,
കേട്ടവർ ഇലകൾ വെട്ടാൻ തുടങ്ങി

ചിലർ കൊമ്പുകളും,
വേറെ ചിലർ തടിയെ തുണ്ടം തുണ്ടമാക്കി
ഉയർന്നു നിന്നവേരിനേയും

വെറുതെ വിട്ടില്ല ചിലർ.

രാത്രി
നേരിയ വെളിച്ചവുമായൊരു വഴിപോക്കൻ

ഇലകൾ പെറുക്കുന്നുണ്ടായിരുന്നു.

വേറൊരാൾ കൊമ്പുകളും,
തടിക്കഷ്ണം മാറോടു ചേർത്ത് മറ്റൊരാൾ

നാലാമൻ വേരിനെ പുണർന്നു..

വീണ്ടും പ്രഭാതം
മരം നിന്നിടത്ത് നാലു തൈകൾ

എല്ലാം തല തിരിച്ചുതന്നെ,
തളിരിലയും മൃദുശാഖയും മണ്ണിൽ കുത്തി
നേർത്ത തടിയും ഒറ്റവേരും

മേൽപ്പോട്ടുയർത്തിയങ്ങനെ.......

**ജാഫർ സാദിഖ് എ പി**

ഓർമ്മകളിൽ നിന്ന് -

# നേർച്ച

നീ പദ്യം പഠിച്ചോ?ഏറെ വെപ്രാളത്തോടെ ഞാൻ ഉറ്റ കൂട്ടുകാരൻ ദാസനോട് ചോദിച്ചു.ഞാൻ പഠിച്ചു,ഒരു പ്രാവശ്യം എഴുതുകയും ചെയ്തു.അവൻ ക്ലാസിലെ ഒരു പഠിപ്പിസ്റ്റായിരുന്നു.ഈ ഉത്തരം എന്റെ വെപ്രാളത്തെ ഇരട്ടിപ്പിച്ചു.

പടച്ചോനേ ഇന്ന് നാരായണൻ സാറ് വരാതിരിക്കണമേ.എങ്കിൽ ആലപ്പാട്ടിലേക്ക് ഞാൻ പത്ത് പൈസ കൊടുക്കും.എനിക്ക് ഏറെ സമാധാനമായി.

നാരായണൻ സാറിനെ എനിക്ക് ഏറെ ഇഷ്ടമാണ്.അദ്ദേഹത്തിന്റെ മലായാളം ക്ലാസും പദ്യപാരായണവുംഎന്ത് രസമായിരുന്നു.ഞാൻ കവിത പഠിക്കാതിരുന്നാൽ അദ്ദേഹത്തിനുണ്ടാകുന്ന വിഷമം,അതാണത്ര എന്റെ പ്രയാസം.ഞാൻ ഇത്രയൊക്കെ പഠിപ്പിച്ചിട്ടും നീമാത്രം പഠിച്ചില്ലേ,എന്ന അദ്ദേഹത്തിന്റെ ചോദ്യം എന്റെ കാതിൽ മുഴങ്ങി.

നാലാം ക്ലാസിൽനിന്ന് അദ്ദേഹം ചൊല്ലിത്തന്ന കിളിപ്പാട്ട്. അതിന്റെ താളവും ഭംഗിയും.അർഥം വിശദീകരിച്ചപ്പോൾ ഞാൻ ക്ലാസിൽനിന്ന് ഏറെ നേരം കരഞ്ഞു.ആ പദ്യം ഞാൻ ഇപ്പോഴും ചൊല്ലുകയും ഓർത്ത് കരയുകയും ചെയ്യാറുണ്ട്.എത്രയെത്ര വാക്കുകൾ, വിപരീതങ്ങൾ,പര്യായങ്ങൾ. അന്ന് കാട് കാനനവും ആരണ്യവും വനവും വിപിനവും.....ഇന്നോ....?കാട് മാത്രം!

ജരിത എന്ന ഒരു തള്ളപ്പക്ഷി.അവൾക്ക് നാല് മക്കൾആൺപക്ഷി അവളുമായി ഉടക്കി വീടുവിട്ടു.അവളും മക്കളും ഒരു മരത്തിനു മുകളിൽ അവരുടെ കൂട്ടിൽ.ഒരു ദിവസം കാട്ടുതീ പടർന്നു.അവരുടെസ കൂടിനുചുറ്റും തീ.പറക്കാൻ കഴിയാത്ത പിഞ്ചുപൈതങ്ങൾ.അമ്മയും മക്കളും കരയാൻ തുടങ്ങി.

ഈ മരത്തിൻ താഴെ ഒരു എലിമടയുണ്ട്.നിങ്ങളെ അതിൽവെച്ച് മുകളിൽ ഇലവിരിച്ച് മണ്ണുകൊണ്ട് മൂടിവെയ്ക്കാം.തീ അണഞ്ഞശേഷം നിങ്ങളെ വന്നു രക്ഷപ്പെടുത്താം.അമ്മേ,അതുവേണ്ട.വിശന്നുകിടക്കുന്ന എലിയുണ്ടതിൽ.മാംസക്കഷ്ണങ്ങളായ ഞങ്ങളെ കിട്ടിയാൽ അത് ആർത്തിയോടെ തിന്നും.

“ജന്തുക്കൾ ഭക്ഷിച്ചിട്ടുചാവുന്നതിലും ഭേദം
വെന്തുചാവുന്നതത്രെ സ്ഥിതിയെന്നറിഞ്ഞാലും"

അതുകൊണ്ടമ്മ് വെന്തുമരിച്ചാലും പ്രശ്നമില്ല.നിങ്ങൾ ഞങ്ങളുടെ കൂടെ

മരിക്കണ്ട.പറന്ന് രക്ഷപ്പെടണം.വേറെ കല്യാണം കഴിച്ച് സുഖമായി ജീവിക്കണം.ഞങ്ങളെ ഓർത്ത് ദുഃഖിക്കരുത്.

"ഞങ്ങൾ ചാകിലോ,പിന്നെ പെറ്റസന്തതിയുണ്ടാ-
യെങ്ങനെ തുണയാവുന്ന നീകൂടെ മരിക്കിലോ?"

അമ്മഹൃദയത്തിന് മക്കളെ പിരിയാൻ കഴിയുകില്ല.കൂടെ മരിക്കാൻ മക്കൾ സമ്മതിക്കുന്നില്ല.അവസാനം മക്കളുടെ നിർബന്ധത്തിന് വഴങ്ങി പറക്കുകയും തിരിച്ചുവരികയും വീണ്ടും പറക്കുകയും തിരിഞ്ഞുനോക്കുകയും തന്റെ വിധിയെന്നോർത്തോർത്ത് കരഞ്ഞ് പറന്നുപറന്നുപോവുന്ന ജരിത ഇന്നും എന്റെ മനസ്സിൽ ജീവിക്കുന്നു.

നീ എന്താണ് ചിന്തിക്കുന്നത് എന്ന ദാസന്റെ ചോദ്യം എന്നെ ചിന്തയിൽനിന്നുണർത്തി.ഞാൻ വെപ്രാളത്തോടെ ക്ലാസ്സിലേക്ക് എത്തിനോക്കി.അവിടെ നാരായണൻ സാർ പതിവുപോലെ ആടിപ്പാടി രസകരമായ ക്ലാസ്സെടുക്കുകയായിരുന്നു.

**ഇ വി അബ്ബാസ് മാസ്റ്റർ**



# യാത്ര

ഏയ് ഇനി നിൽക്കാൻ സമയമില്ല.വേഗം അക്കരയെത്തണം.ഇനി നിങ്ങൾ കരയിൽ നിൽക്കുന്തോറും നിങ്ങളുടെ ശരീരം കൂടുതൽ അഴുകാൻ തുടങ്ങും.മരണക്കപ്പലിൽ നിന്ന് കപ്പിത്താൻ ആർത്തുവിളിച്ചു.രാഹുൽ അൽപ്പം ലേറ്റായി.ഉരുകിത്തീർന്ന ശരീരത്തെ വെള്ള പുതപ്പിക്കുമ്പോൾ അവന്റെ മനസ്സിൽ നിറയെ സ്വപ്നങ്ങളായിരുന്നു.

സ്വബോധം നഷ്ടപ്പെട്ട തന്റെ ഭാര്യയേയും പിറക്കാൻ പോകുന്ന ഇരട്ടക്കുഞ്ഞുങ്ങളേയും കുറിച്ചോർത്തപ്പോൾ പുഴുവരിച്ച ആ മുറിവുകൾ എരിഞ്ഞു.തന്റെ മരണക്കിടക്കയിൽനിന്ന് കഴിഞ്ഞ കാലത്തേക്കുറിച്ചും,താൻ പിന്നിട്ട മുപ്പത് വർഷങ്ങളേക്കുറിച്ചും അയാൾ മനസ്സിലൂടെ ഒരു കൊള്ളിയാൻ പായിച്ചു.

സമ്പൽസമൃദ്ധമായ കുടുമ്പത്തിൽ കയറൂരിവിട്ട കാളയേപ്പോലെ അവൻ നടന്നു.വിദ്യാലയജീവിതം അവനെ ആകാശത്തെ മേഘത്തേപ്പോലെ കാറ്റിനൊപ്പം പറത്തി.സ്വന്തം ക്ലാസ്സിലെ ജാസിലാണ് അവന് ആദ്യം മയക്കുമരുന്നുകളുടെ അപൂർവ്വ ലോകം കാണിച്ചുകൊടുത്തത്.ആദ്യമൊക്കെ ജാസിൽ രാഹുലിന് സൗജന്യമായി ഹാൻസും കൊക്കൈനും ബ്രൗൺ ഷുഗറും നൽകി.പിന്നീട് ജാസിൽ പറഞ്ഞു.ഇത്രയും നാൾ ഞാൻ നിനക്ക് സൗജന്യമായിട്ടാണ് ഇതെല്ലാം നൽകിയത്.ഇനി ഇത് വാങ്ങാനുള്ള കാശ് നീ തരണം.ഇതിനിപ്പോ തീവിലയാണെന്നേ.

അതോടെ അവൻ വീട്ടിൽനിന്ന് പണം കട്ടെടുത്ത് മയക്കുമരുന്നുകൾ വാങ്ങി ഉപയോഗിക്കാൻ തുടങ്ങി.നല്ല പുകവലിയും പത്താം ക്ലാസ് മുതൽ അവന്റെ ശീലമായി മാറി.അവൻ വലുതായി,എല്ലായിടത്തും അവനെ മുന്നോട്ടുനയിച്ചത് അച്ഛന്റെ കൈക്കൂലിയായിരുന്നു.കൈക്കൂലി യഥേഷ്ടം പിടുങ്ങുന്ന ഉദ്യോഗസ്ഥർ അവൻ യഥേഷ്ടം വളരാനുള്ള അവസരമൊരുക്കി.അവൻ ഒരു ഡോക്ടറായി ഓപ്പറേഷൻ തിയേറ്റർ കണ്ടാൽ കൈവിറയ്ക്കുന്ന ഒരു മുറിവൈദ്യൻ................

അങ്ങനെ അച്ഛനും അമ്മയും അവനെ കല്യാണം കഴിപ്പിച്ചു.ചുവപ്പുകണ്ട കാളയ്ക്ക് ഒരു മൂക്കുകയർ.ആഡംബരഭരിതമായിരുന്നു വിവാഹം.സ്നേഹനിധിയായ ഭാര്യക്കു മുന്നിൽ അവൻ മയക്കുമരുന്ന് അടിയറ വെച്ചു.പക്ഷെ,അപ്പോഴും അവന്റെ അവയവങ്ങൾ മെഴുതിരി

പോലെ എരിഞ്ഞടങ്ങുകയായിരുന്നു.ഒന്നുമറിയാതെ അവർ ജീവിച്ചു.കഥയറിയാതെ ആട്ടം കാണുകയായിരുന്നു.

മീര ഗർഭിണിയായി.ഒരിക്കൽ മീരയുടെ ചെക്ക് അപ് കഴിഞ്ഞ് കഴിഞ്ഞ് വരുന്ന വഴി,പതിവില്ലാതെ രാഹുലിന്റെ കാഴ്ച മങ്ങി.കാർ നിയന്ത്രണമില്ലാതെ റോഡിലൂടെ ഒഴുകി.മീര കാർ നിയന്ത്രണവിധേയമാക്കി.രാഹുൽ മയക്കത്തിലേക്ക് തെന്നിവീണു.മീര കുപ്പിവെള്ളം അവന്റെ മുഖത്തേക്ക് കുടഞ്ഞു.ഇടുങ്ങിയ പുരികക്കുഴകൾക്കുള്ളിലൂടെ വെള്ളം ഊർന്നിറങ്ങി.വീണ്ടും കുടഞ്ഞപ്പോൾ അവന് സ്വബോധം തിരിച്ചുകിട്ടി.മീരയുടെ നിർബന്ധത്തിനു വഴങ്ങി രാഹുൽ കാർ തിരിച്ച് ആശുപത്രിയിലേക്ക് വിട്ടു.

രണ്ട് ദിവസം അവിടെക്കിടന്നു.മൂന്നാം ദിവസം ഉണർന്ന മീര രാഹുലിന് ഭക്ഷണവുമായെത്തി.അവിടെ കണ്ട കാഴ്ചയിൽ മീരയുടെ ഹൃദയം തകർന്നു.ഉദിച്ചുയർന്ന സൂര്യനേപ്പോലും ഞെട്ടിച്ച് അവൾ കരഞ്ഞു.രക്തശ്രുഷിതമായ രാഹുലിന്റെ മൃതദേഹം.വായയിലൂടേയും മൂക്കിലൂടെയും രക്തം ഒഴുകിയിരിക്കുന്നആ കാഴ്ച കണ്ട് മീരയ്ക്ക് സ്വബോധം നഷ്ടമായി.

എല്ലാം നഷ്ടപ്പെട്ടവനായി രാഹുൽ..........മൂന്നുപതിറ്റാണ്ടിന്റെ കഥ....കഥയല്ല ഒരു മനുഷ്യജന്മത്തിന്റെ നൊമ്പരം.....രാഹുൽ....ആ അധ്യായം അടഞ്ഞുകഴിഞ്ഞു........വിറകുകൾക്കൊപ്പം മാത്രം എരിഞ്ഞടങ്ങുന്ന തേജസ്സറ്റ ശരീരമായി മാത്രം.............................

രാഹുൽ വഴുക്കലുള്ള കപ്പലിലേക്ക് ചുവടുറപ്പിച്ചു.താൻ മരിച്ചു എന്ന നഗ്നസത്യം ഉൾക്കൊള്ളാനാകാതെ.കാടും മേടും താണ്ടി യാത്ര ചെയ്തിട്ടുണ്ട്.പക്ഷേ,ജീവിതമാകുന്ന മഹാസാഗരവും കാലഹരണപ്പെട്ട ശരീരവും അവനെ കൈവെടിഞ്ഞു....കപ്പലിൽ തീനാളം തെളിഞ്ഞു.....യാത്രയ്ക്ക് സമയമായി......അനന്തമായ വിദൂരയാത്രയ്ക്ക്.......തിരിഞ്ഞുനോട്ടമില്ലാതെ ഒരു പോക്ക്.......മരണത്തിന്റെ വീചിയിലേക്ക്.

ആർത്തലച്ച തിരമാലകൾ അവനോട് ചോദിച്ചു...ആ മയക്കുമരുന്നുകൾ ഇനിയുണ്ടോ?വികസനത്തിന്റെ മത്ത് പിടിച്ച മാനുഷന്മാരിൽനിന്ന് മരണത്തിലേക്ക് രക്ഷപ്പെടാനാണ്.......ചോദ്യം കേട്ടയുടൻ അവൻ വിങ്ങിപ്പൊട്ടി...............

*അഭിരാം ടി പി*




1 .*ഇന്ത്യയിലെ ആദ്യത്തെ ജലമ്യൂസിയം എവിടെ?*
*an:കുന്ദമംഗലം*




2 .ഇന്ത്യയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ പള്ളി എവിടെ?
an:സേ കത്രീഡൽ.ഗോവ



3 .ഇന്ത്യയിലെ വധിക്കപ്പെട്ട ആദ്യ മുഖ്യമന്ത്രി ആര്?
An:ബിയാന്ത് സിങ്

4 .ഏറ്റവും കൂടുതൽ പ്രാവശ്യം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡണ്ടായതാര്?



an:ജവഹർലാൽ നെഹ്റു

5 . എ.പി.ജെ അബ്ദുൽകലാം ഇന്ത്യൻ പ്രസിഡണ്ടായത് ആരെ പരാജയപ്പെടുത്തി?
An:ലക്ഷ്മി സൈഗാൾ

6. ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണത്തിന് പ്രസിദ്ധമായ ഹരിയാണയിലെ നഗരം?




An:അമ്പാല

7 . I D B യുടെ ആദ്യ ശാഖ ആരംഭിച്ച ഇന്ത്യൻ നഗരം?




An:അഹമ്മദാബാദ്

8 . മിഷൻ സത്യനിഷ്ഠ-ഏത് സ്ഥാപനവുമായി ബന്ധപ്പെട്ടിരിക്കുന്നു?




an: Indian Railways

9. മുല്ലപ്പൂ നിറമുള്ള പകലുകൾ-എന്ന കൃതി രചിച്ചതാര്?



An: ബെന്യാമിൻ



10.Sahle-work zewde ഏത് രാജ്യത്തെ വനിതാ പ്രസിഡണ്ടാണ്?

An:എത്യോപ്യ

കളി പറഞ്ഞിരുന്ന വാക്കുകൾക്ക്
ഇവിടെ വിരാമമാകുന്നു ..........
കനലെരിയിക്കാൻ കഴിഞ്ഞെങ്കിൽ
ഞങ്ങൾ ധന്യരായി ......
അകത്തെ നെരിപ്പോടിൽ
ഇത്തിരി വിറകായി മാറിയാലും
ഞങ്ങൾ കൃതാർത്ഥരായി .......
ഈ വാക്കുകളെ അകമെരിയുന്ന
വാക്കാക്കി മാറ്റാൻ
പിൻതുണച്ചവർക്ക് ഹൃദയത്തിൽ
ചാലിച്ച നന്ദിയുണ്ട് .......
ഇതിൻ നിമിത്തമായവർ ......
കൂടെ നിന്നവർ.......
ഊർജ്ജം പകർന്നവർ........
ഇത് തിരിച്ചറിവിൻറെ
വേളയാണ് ......
അകമേ ചിന്തയുടെ തീക്കനൽ
കോരിയിട്ട് പൊള്ളിക്കാൻ
ഞങ്ങൾ ഇനിയും
വരും.........തീർച്ച!!!!!!!

TEAM LITTLE KITES
GHSS POONOOR